"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ CDS ൽ ഉണ്ടായ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I & സി.ഡി.എസ് മെമ്പറുമായ ശ്രീമതി. ബിൻസി.ആർ, നെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1080/2026/LSGD തീയതി,തിരുവനന്തപുരം, 30-05-2026

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12/03/2024-ലെ C1 (VC 1/2024/PTA) 782/2024/DVACB നമ്പർ കത്ത്
2. 12.09.2024 ലെ LSGD-ERB3/92/2024-LSGD നമ്പർ സർക്കാർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 29.09.2024-ലെ LSGD/PD/17593/2024-VIGB1 നമ്പർ ഉത്തരവ്.
4. ശ്രീമതി.ബിൻസി.ആർ നെതിരെയുള്ള 05/12/2024-ലെ LSGD-ERB3/92/2024-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
5. ശ്രീമതി.ബിൻസി.ആർ സമർപ്പിച്ച 30/12/2024-ലെ അപേക്ഷ.
6. ശ്രീമതി.ബിൻസി.ആർ സമർപ്പിച്ച 17/03/2025-ലെ എതിർവാദ പത്രിക.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 12/11/2025-ലെ LSGD/PD/17593/2024-VIGB1 നമ്പർ കത്ത്
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 23/03/2026 ലെ LSGD/PD/7357/2026-VIGB2 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ CDS -ൽ ഉണ്ടായ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത VC 01/2024/PTA നമ്പർ കേസ് അന്വേഷണത്തിന്റെ ഭാഗമായി ശ്രീമതി. ബിൻസി.ആർ, VEO Gr I & CDS മെമ്പർ സെക്രട്ടറി, നെടുമ്പ്രം ഗ്രാമ പഞ്ചായത്ത് എന്നവരെ കേസന്വേഷണം

പൂർത്തിയാകുന്നത് വരെ സസ്പെന്റ് ചെയ്യണമെന്ന് പരാമർശം (1) പ്രകാരം വിജിലൻസ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ടിയാളെ സസ്പെന്റ് ചെയ്ത് ഉത്തരവാകുകയും ടിയാൾക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിയ്ക്കുന്നതിനായി പരാമർശം (4) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും സർക്കാർ തലത്തിൽ നൽകുകയും ചെയ്തിരുന്നു.

2. തുടർന്ന് തന്നെ നേരിൽ കേൾക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും അവസരം നൽകണമെന്ന് അഭ്യർത്ഥിച്ച് കൊണ്ടുള്ള ശ്രീമതി. ബിൻസിയുടെ പരാമർശം (5) പ്രകാരമുള്ള അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ആയത് പരിശോധിച്ച ശേഷം, ടിയാൾക്ക് രേഖകൾ നേരിട്ട് പരിശോധിയ്ക്കുവാനുള്ള ക്രമീകരണം ഏർപ്പെടുത്തുവാനും അതിന് ശേഷം എത്രയും വേഗം പ്രതിവാദ പത്രിക ടിയാളിൽ നിന്ന് വാങ്ങി ആയതിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പരാമർശം (6) പ്രകാരം ടിയാൾ ലഭ്യമാക്കിയ പ്രതിവാദ പത്രികയിന്മേലുള്ള അഭിപ്രായ റിപ്പോർട്ട് പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. പ്രതിവാദ പത്രിക ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 30.12.2025 ന് ടിയാളെ നേരിൽ കേൾക്കുകയുണ്ടായി.

3. ശ്രീമതി.ബിൻസി.ആർ- നെ നേരിൽ കേട്ടതിലും, ടിയാൾ സമർപ്പിച്ച പരാമർശം (6) പ്രകാരമുള്ള എതിർവാദപത്രികയിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (7) പ്രകാരമുള്ള അഭിപ്രായ റിപ്പോർട്ടിന്റെയും, ടിയാളെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ വിജിലൻസ് പരിശോധന വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും ടിയാളുടെ ഭാഗത്ത് നിന്നും ചുമതല നിർവഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമായതിനാൽ ടിയാൾക്ക് എതിരെ ആരംഭിച്ച കഠിന ശിക്ഷക്കുള്ള അച്ചടക്ക നടപടി തുടരുവാൻ സർക്കാർ തീരുമാനിച്ചിരുന്നു.

4. മേൽ സാഹചര്യത്തിൽ, വിജിലൻസ് സമർപ്പിച്ച പരാമർശം (1) അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരമുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കുറ്റാരോപിതയായ നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ശ്രീമതി.ബിൻസി.ആർ-നെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (8) പ്രകാരം ലഭ്യമാക്കിയ ഉദ്യോഗസ്ഥരുടെ ലിസ്റ്റിൽ നിന്നും ശ്രീ. നൈസാം എ.എസ്, ജോയിന്റ് ഡയറക്ടർ, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, പത്തനംതിട്ട എന്ന ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാരിൽ **നിർബന്ധമായും** റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1) ശ്രീ. നൈസാം എ.എസ്, ജോയിന്റ് ഡയറക്ടർ, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, പത്തനംതിട്ട (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2) ശ്രീമതി.ബിൻസി.ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I & CDS, നെടുമ്പ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
5) വിവര പൊതുജന സമ്പർക്ക വകുപ്പ് (web & new media)
6) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 01-06-2026 11:10:30

സെക്ഷൻ ഓഫീസർ